**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2788** **13-10-2021 - ൽ മറുപടിയ്ക്ക്**

**കാവുകൾ സംരക്ഷിക്കുന്നതിനായുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ് | | **Shri. A. K. Saseendran**<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കാവുകൾ സംരക്ഷിക്കുന്നതിനായി സോഷ്യൽ ഫോറസ്ട്രി വഴി നടത്തി വരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | കാവുകളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി സ.ഉ.(സാധാ)നം. 485/16/ വനം, തീയതി 24/12/2016 പ്രകാരം ഒരു പദ്ധതി നിലവിലുണ്ട്. ടി പദ്ധതി പ്രകാരം കാവുകളുടെ സംരക്ഷണ പുന:രുദ്ധാരണ പ്രവർത്തനങ്ങൾക്ക് ധനസഹായം നൽകുന്നതിലേക്കായി എല്ലാ വർഷവും അപേക്ഷകൾ ക്ഷണിച്ചുകൊണ്ട് പത്രക്കുറിപ്പ് നൽകുകയും അപ്രകാരം ലഭ്യമാകുന്ന അപേക്ഷകളിൽ സ്ഥലപരിശോധന നടത്തി ഏറ്റവും അനുയോജ്യമായതും നിശ്ചിത മാനദണ്ഡങ്ങൾ പാലിക്കുന്നതുമായ നിശ്ചിത എണ്ണം കാവുകളുടെ പേരുവിവരങ്ങൾ സംസ്ഥാനതല വിദഗ്ധ സമിതിക്ക് സമർപ്പിക്കുന്നു. ആയതിൽ നിന്നും തെരഞ്ഞെടുക്കുന്ന കാവുകൾ അടുത്ത 5 വർഷത്തെ പ്രവർത്തന വിവരങ്ങൾ അടങ്ങിയതും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരമുള്ളതുമായ സൂക്ഷ്മാസൂത്രണരേഖ തയ്യാറാക്കി സമർപ്പിക്കുകയും ആയത് അംഗീകരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ വനം വകുപ്പുമായി ചേർന്ന് ധാരണാപത്രം ഒപ്പുവയ്ക്കുകയും അടുത്ത 5 വർഷത്തേക്ക് ടി കാവുകൾക്ക് ദീർഘകാലാടിസ്ഥാനത്തിൽ ധനസഹായം നൽകി വരുകയും ചെയ്യുന്നതാണ് പദ്ധതി. |
| (ബി) | കോഴിക്കോട് ജില്ലയിൽ 2020-21 വർഷത്തിൽ ഏതെല്ലാം കാവുകളാണ് സംരക്ഷിക്കാൻ സർക്കാർ ഫണ്ട് അനുവദിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; | (ബി) | കോഴിക്കോട് ജില്ലയിൽ 2020-21 -ൽ 3 കാവുകൾക്ക് ധനസഹായം നൽകാൻ തീരുമാനിച്ചിട്ടുണ്ട്. എങ്കിലും ഫണ്ടിന്റെ അപര്യാപ്തതമൂലം നൽകിയിട്ടില്ല. കാവുകൾ പന്തലായനി അയ്യപ്പൻകാവ്, കക്കോടി, ചാലോറ ക്ഷേത്രം, പന്തലായനി, വരിശ്യക്കുനി ക്ഷേത്രം, ചോറോട്. |
| (സി) | ബാലുശ്ശേരി മണ്ഡലത്തിൽ ഉൾപ്പെടുന്ന ഏതെങ്കിലും കാവുകൾ സംരക്ഷിക്കുന്നതിനായി 2020-21 വർഷത്തിൽ അപേക്ഷ ലഭിച്ചിരുന്നോ; വിശദാംശം നൽകാമോ? | (സി) | 2020-21 -ൽ ബാലുശ്ശേരി മണ്ഡലത്തിൽ ഉൾപ്പെടുന്ന മാതോങ്കണ്ടി അത്തിക്കോട് കോട്ട, ഉള്ള്യേരി എന്ന കാവിന്റെ അപേക്ഷ ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ